Page 1 of 2

വിശദീകരണം നൽകുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ രണ്ട് വി.സി.ബി.-കളുടെ റിസർവോയറുകൾ ഓവർലാപ്പ് ചെയ്യുന്നില്ലായെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സാമ്പത്തികാനുമതി നൽകുന്നതിനുവേണ്ടിയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഉളിയംകടവിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം**

199(505) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിയൂർ, കരിവെള്ളൂർ, കുണിയൻ, മാണിയാട്ട്, തലിച്ചാലം വയലുകളിലേക്ക് വ്യാപകമായി ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിക്കുന്നത് ശാശ്വതമായി തടയാൻ ഉളിയം കടവിൽ വിഭാവനം ചെയ്ത റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക മേഖലയിൽ ജലസേചനത്തിന് വലിയ മുതൽക്കൂട്ടാകുന്ന പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ തൃക്കരിയൂർ, കരിവെള്ളൂർ, കുണിയൻ, മാണിയാട്ട്, തലിച്ചാലം വയലുകളിലേയ്ക്ക് വ്യാപകമായി ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിക്കുന്നത് ശാശ്വതമായി തടയാൻ കവ്വായി പുഴയ്ക്ക് കുറുകെ ഉളിയംകടവിൽ വിഭാവനം ചെയ്ത റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച റിപ്പോർട്ട്, ഡിസൈൻ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് നല്കിയിട്ടുണ്ട്. ഡി.പി.ആർ. സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയ്ക്കായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സാങ്കേതിക തസ്തികകളിലെ ഒഴിവുകൾ**

200(506) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിലെ ഓവർസിയർ ഗ്രേഡ്-III മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള സാങ്കേതിക തസ്തികകളിൽ 2021 മേയ് മുതൽ 2024 ജൂൺ വരെ സൂപ്പറാനുവേഷൻ മൂലം വിരമിക്കുന്നവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് എഞ്ചിനീയർ (സിവിൽ) - 3, സൂപ്രണ്ടിംഗ് എഞ്ചിനീയർ (സിവിൽ) - 7, എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) - 21, എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെക്കാനിക്കൽ) - 1, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) - 81, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെക്കാനിക്കൽ) - 15, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 117, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 8, ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) - 158, ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) - 1, രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) - 166, രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) - 2, മൂന്നാംതരം ഓവർസിയർ (സിവിൽ) - 45, മൂന്നാം തരം ഓവർസിയർ (മെക്കാനിക്കൽ) - 2.

(ബി) പ്രസ്തുത കാലയളവിൽ ഇപ്രകാരമുണ്ടാകുന്ന ഒഴിവുകളിൽ എത്രയെണ്ണം വീതമാണ് നേരിട്ട് നിയമനം ലഭിക്കുന്ന ഓരോ എൻടി കേഡർ തസ്തികയിലേയ്ക്കും ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 85, അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) - 8, ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) - 1, ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) - ഇല്ല, മൂന്നാംതരം ഓവർസിയർ (സിവിൽ) - 45, മൂന്നാംതരം ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) - 2, രണ്ടാം തരം ഓവർസിയർ (സിവിൽ/മെക്കാനിക്കൽ) തസ്തികകളിൽ ടി കാലയളവിൽ ഉണ്ടാകുന്ന ഒഴിവുകൾ സ്ഥാനക്കയറ്റം വഴി നികത്തേണ്ടവയാണ്.

(സി) 2021 ജനുവരി മുതൽ നാളിതുവരെ ഏതൊക്കെ തീയതികളിൽ ഓവർസിയർ ഗ്രേഡ്- III തസ്തികയിൽ എത്ര വീതം ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021 ജനുവരി മുതൽ 26-3-2021 വരെയുള്ള ഓവർസിയർ ഗ്രേഡ് III തസ്തികയിലെ 85 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ**

201(507) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടന്നു വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;